No. CEE/5353/MDS/2018/TA4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018-19 ലെ പി.ജി ദന്തൽ കോഴ്സുകളിലെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ (മൈനോറിറ്റി) ക്വാട്ടയിലേയ്ക്കുള്ള പ്രവേശനം

സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ ദന്തൽ കോളേജുകളിലെ നിശ്ചിത എണ്ണം പി.ജി.ദന്തൽ സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദാനത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇത്തരം കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളുടെ ലഭ്യത, ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിവരങ്ങൾ, പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, സമർപ്പിക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **24.04.2018** വൈകുന്നേരം 5 മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമുദായം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപാകതകൾ ഉള്ളതും അപൂർണ്ണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല.

വിശദമായ വിജ്ഞാപനത്തിനായി **www.cee.kerala.gov.in** , **www.cee-kerala.org** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
19.04.2018